*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം, ഹൗസിങ്ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE-HSE/2022** **01/08/2022**

# സർക്കുലർ

**വിഷയം : പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശ്ശങ്ങൾ.**

സൂചന : 1) **GO(Rt)No. 5693/08/Gl.Edn Dated Thiruvananthapuram 31/12/08.**
2) 2022-23 അധ്യയന വർഷത്തെ പ്രോസ്പക്ടസ്

പിന്നോക്ക എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനു വേണ്ടി അവശ്യം വേണ്ടുന്ന പബ്ലിസിറ്റി നൽകി അതത് സമുദായത്തിലുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുവാൻ മാനേജർമാർ / പ്രിസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് "കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് ജനറേറ്റർ സോഫ്റ്റ് വെയർ" ലഭ്യമാക്കുന്നതാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് / സെലക്ട് ലിസ്റ്റുകൾ നിർദ്ദിഷ്ഠ ഷെഡ്യൂൾ അനുസരിച്ചുമാത്രമേ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശന ഷെഡ്യൂൾ താഴെ പ്രതിപാദിക്കും പ്രകാരം പുന:ക്രമീകരിച്ചതായി അറിയിക്കുന്നു. അതത് സ്കൂൾ പ്രിൻസിപ്പൽമാർ നിർദിഷ്ഠ ഷെഡ്യൂൾ പ്രകാരം കോവിഡ് ആരോഗ്യ

സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പ്രത്യേക ക്ലാസ്സ് മുറിയിൽ കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി അഡ്മിഷൻ ഡെസ്ക് രൂപീകരിച്ച് പ്രവേശന നടപടികൾ ക്രമീകരിക്കണമെന്നു നിർദ്ദേശിക്കുന്നു. **കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് അതത് സമുദായങ്ങളിൽ നിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ അങ്ങനെ ഒഴിവ് വരുന്ന സീറ്റുകൾ നിർദ്ദിഷ്ഠ തീയതിയ്ക്ക് ശേഷം പൊതു മെരിറ്റ് സീറ്റായി പരിഗണിച്ച് അലോട്ട്മെൻറ് നടത്തുന്നതിനായി പരിവർത്തനം ചെയ്യുന്നതാണ്. ഇതിന് വിരുദ്ധമായി നടത്തുന്ന പ്രവേശനങ്ങൾ പുന:പരിശോധിക്കുവാനും ആവശ്യമെങ്കിൽ റദ്ദ് ചെയ്യുവാനുമുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.**

### മുഖ്യഘട്ടം

| | | |
|---|---|---|
| കമ്മ്യൂണിറ്റിക്വാട്ട അപേക്ഷകൾ വിതരണം ആരംഭിക്കുന്ന തീയതി | : | 01/08/2022 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | 02/08/2022 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി | : | 06/08/2022 |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 09/08/2022 |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | 09/08/2022 |

### സപ്ലിമെൻററി ഘട്ടം

| | | |
|---|---|---|
| കമ്മ്യൂണിറ്റിക്വാട്ട അപേക്ഷകൾ വിതരണം ആരംഭിക്കുന്ന തീയതി | : | 22/08/2022 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | 22/08/2022 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി | : | 24/08/2022 |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 25/08/2022 |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | 25/08/2022 മുതൽ |
| പ്രവേശനം അവസാനിപ്പിക്കേണ്ട തീയതി | : | 26/08/2022 |

പൊതുവിദ്യാഭ്യാസ ഡയറക്ടർ